(സി) സിവിൽ കേസ്സുകളുടേയും ക്രിമിനൽ കേസ്സുകളുടേയും തീർപ്പിനായി അദാലത്തുകൾ നടത്തിവരുന്നു.

(ഡി) 1-1-2005 വരെ പത്തു വർഷത്തിൽ കൂടുതൽ പഴക്കമുള്ള 3893 സിവിൽ കേസ്സുകൾ തീർപ്പാക്കാനുണ്ട്. അതിൽ 289 കേസ്സുകൾ 20 വർഷത്തിൽ കൂടുതൽ പഴക്ക മുള്ളതാണ്.

(ഇ) പതിനൊന്നു ഫാസ്റ്റ് ട്രാക്ക് കോടതികൾ കൂടി സ്ഥാപിക്കാൻ അനുമതി നൽകിയിട്ടുള്ളതിൽ നാലുകോടതികൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കെട്ടിടവും മറ്റു സംവിധാനങ്ങളും പൂർത്തിയാകുമ്പോൾ ശേഷിക്കുന്ന ഏഴു കോടതികളും പ്രവർത്തനം ആരംഭിക്കുന്നതാണ്.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 633 എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

നാഷണൽ ഹൈവേ 47-ലെ അപകടങ്ങൾ കുറയ്ക്കുവാൻ നടപടി

37 [634] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ഹൈവേ 47-ലെ പാരിപ്പള്ളി മുതൽ കൊട്ടിയം വരെയുള്ള ഭാഗത്ത് തുടർച്ചയായി ഉണ്ടാകുന്ന വാഹനാപകടങ്ങൾമൂലം അനേകംപേർ മരണപ്പെട്ടു കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് കുറയ്ക്കുവാനായി എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) എൻ. എച്ച്. 47 ഉൾപ്പെടെയുള്ള സംസ്ഥാനത്തെ പ്രധാന റോഡുകളിലെ അപകടസാധ്യത കൂടുതലുള്ള മേഖലകൾ കണ്ടെത്തി അവിടങ്ങളിൽ സത്വരമായി അപകട നിവാരണ നടപടികൾ കൈക്കൊള്ളുന്നതിന് സർക്കാർ പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. റോഡിലുണ്ടാകുന്ന കുഴികളെല്ലാം യുദ്ധകാലാടിസ്ഥാനത്തിൽ നന്നാക്കുകയും, കാലാകാലങ്ങളിൽ ഉപരിതലം ബലപ്പെടുത്തുന്ന ജോലികൾ ചെയ്യുകയും ചെയ്യാറുണ്ട്. റോഡു കയ്യേറ്റങ്ങൾ ഒഴിപ്പിക്കുകയും കാൽനടക്കാർക്ക് റോഡ് മുറിച്ചുകട ക്കുന്നതിനുള്ള പ്രത്യേകമാർക്കിംഗും, ഡ്രൈവർമാർക്ക് പ്രത്യേക ശ്രദ്ധ വരുത്തുന്നതിനു വേണ്ടി വളവിലും മറ്റും മഞ്ഞ നിറത്തിലുള്ള മാർക്കിംഗും നടത്തുകയും, ട്രാഫിക് നിയമമനുശാസിക്കുന്ന വിവരണ ബോർഡുകൾ സ്ഥാപിക്കുകയും ചെയ്യുന്നുണ്ട്. മാത്രവുമല്ല പ്രസ്തുത റീച്ച് ഉൾപ്പെടെ കൊല്ലം ജില്ലയിൽ വരുന്ന ദേശീയ പാതകളിലെ റോഡ് സുരക്ഷാ പ്രവർത്തികൾക്കായി 92.32 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly